# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2251 11.02.2020-ൽ മറുപടിക്ക്

## കുങ്കിച്ചിറ മ്യൂസിയം തുറന്നു നൽകുവാൻ നടപടി

**ചോദ്യം**

ശ്രീ.ഒ.ആർ.കേളു

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാനന്തവാടി നിയോജക മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം പൊതുജനങ്ങൾക്ക് ഉടൻ തുറന്ന് നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; | (എ) & (ബി) | മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിലുള്ള വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിന്റെ ഒന്നാം ഘട്ടമായ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായി പ്രസ്തുത മ്യൂസിയത്തിൽ പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കുങ്കിച്ചിറ മ്യൂസിയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായുള്ള KSEB യുടെ ട്രാൻസ്ഫോർമർ, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മ്യൂസിയത്തിന് മുന്നിലായി ഗാർഡൻ നിർമ്മിക്കുന്നതിനുള്ള ജോലികൾ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള M/s.ഹിന്ദുസ്ഥാൻ പ്രീഫാബ് ഏജൻസിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. മ്യൂസിയത്തിന് മുന്നിലായുള്ള ചിറയുടെ നവീകരണം M/s.Habitat Group തൊടുപുഴ മുഖേന 75% പൂർത്തികരിച്ചു. പ്രദർശന സംവിധാന സജ്ജീകരണം പൂർത്തിയാകുന്ന മുറക്ക് മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത മ്യൂസിയത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ